# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 21-08-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 3195

## തുറമുഖങ്ങളിലെ ചരക്ക നീക്കം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) ചെറുകിട വൻകിട തുറമുഖങ്ങളിലെ ചരക്ക് നീക്കം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ചെറുകിട വൻകിടതുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി 20 കോടി രൂപ മുതൽമുടക്കിൽ കട്ടർസക്ഷൻ ഡ്രഡ്ജർ വാങ്ങിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിലാണ് തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്.<br>വിഴിഞ്ഞം തുറമുഖത്ത് ചരക്ക് നീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് 40 ടൺ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, 20 ടൺ ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം മുതലായ ഉപകരണങ്ങളും, എ.ടി. മലബാർ എന്ന ടഗ്ഗും ഏർപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച്സ്റ്റാക്കർ, 20 ടൺ ക്രെയിൻ, നാല് ഫിക്സഡ് ക്രെയിനുകൾ, വെയിംഗ് മെഷീൻ, വി.ടി.എം.എസ് തുടങ്ങിയ സൗകര്യങ്ങളും എം.ടി.കേരള, എം.ടി ചാലിയാർ, എം.ടി. സാമൂതിരി മുതലായ ടഗ്ഗുകളുടെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, |

റീച്ച് സ്റ്റാക്കർ, വി.ടി.എം.എസ്, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾക്ക് പുറമെ എം.ടി. അഴീക്കൽ എന്ന ടഗ്ഗിൻറെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഡിപ്പാർട്ട്മെന്റിന് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീ വേഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ , കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസനം എന്നിവ വിവിധ ഘട്ടങ്ങളിലാണ്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ തുറമുഖമായാണ് വികസിപ്പിച്ചത്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചിലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം ആരംഭിച്ചു. അഴീക്കൽ തുറമുഖം 496 കോടി രൂപ ചെലവിൽ സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിനായി ചെറുകിട വൻകിട തുറമുഖങ്ങളിലേക്ക് മെച്ചപ്പെട്ട റെയിൽ, റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി തുറമുഖങ്ങളിലേയ്ക്ക് റയിൽ/റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം, അഴീക്കൽ, പൊന്നാനി തുറമുഖങ്ങളിലേയ്ക്ക് റയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനം നടത്താൻ റയിൽ വികാസ് നിഗം ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) കൊല്ലം, അഴീക്കൽ, പൊന്നാനി തുറമുഖങ്ങളിലേയ്ക്ക് റയിൽ കണക്ടിവിറ്റിയ്ക്കായി സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ റയിൽ വികാസ് നിഗം ലിമിറ്റഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുവികസനത്തിനുള്ള പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**